# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 8052

24.07.2012-ൽ മറുപടിക്ക്

## ജെ.ഡി.സി. കോഴ്സുകൾക്ക് പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ജെ.ഡി.സി. കോഴ്സുകൾക്ക് പരിശീലനം നൽകുന്ന എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും ഈ സ്ഥാപനങ്ങളിൽ ആകെ എത്ര സീറ്റുകൾ ഉണ്ടെന്നും അറിയിക്കുമോ; സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് എത്ര ശതമാനം സീറ്റുകളാണ് ജെ.ഡി.സി. കോഴ്സുകൾക്ക് അനുവദിക്കുന്നത് എന്ന് വിശദമാക്കുമോ; | (എ) ജെ.ഡി.സി കോഴ്സുകൾക്ക് പരിശീലനം നൽകുന്നതിന് 10 സഹകരണപരിശീലന കേന്ദ്രങ്ങളും 4 സഹകരണപരിശീലനകോളേജുകളും സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ ഉണ്ട്. ടി. സ്ഥാപനങ്ങളിൽ ആകെ 1588 സീറ്റുകളാണുള്ളത്. ഓരോ കേന്ദ്രത്തിലും സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കായി ആകെ സീറ്റിന്റെ 35 ശതമാനം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. |
| (ബി) ജെ.ഡി.സി. കോഴ്സിന്റെ നിലവിലുള്ള സിലബസ്സ് എത്ര വർഷം മുമ്പ് നിശ്ചയിച്ചിട്ടുള്ളതാണ്; പഴയ സിലബസ്സ് അനുസരിച്ച് കോഴ്സ് പഠിക്കുകയും പരീക്ഷ എഴുതാതിരിക്കുകയും പഴയ സിലബസ്സ് അനുസരിച്ച് പരീക്ഷയെഴുതി പരാജയപ്പെട്ടവരുമായ വിദ്യാർത്ഥികൾക്ക് പഴയ സിലബസ്സിൽത്തന്നെ ഇനിയും പരീക്ഷയെഴുതാൻ അവസരം നൽകുമോ? | (ബി) ജെ.ഡി.സി കോഴ്സിന്റെ നിലവിലുള്ള സിലബസ്സ് 4 വർഷം മുമ്പ് നിശ്ചയിച്ചിട്ടുള്ളതാണ് പഴയ സിലബസ്സ് പ്രകാരം കോഴ്സ് പൂർത്തിയായ ശേഷം പരീക്ഷ എഴുതാതെ വന്നവർക്കും, പരാജയപ്പെട്ടവരുമായ വിദ്യാർത്ഥികൾക്ക് പഴയ സിലബസിൽ (2008 ന് തൊട്ടുമുമ്പുള്ള സിലബസ്സ് പ്രകാരം) 2014 ഏപ്രിൽ വരെ പരീക്ഷ എഴുതുവാൻ അവസരം ഉണ്ട്. |

സെക്ഷൻ ഓഫീസർ